**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5445** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസുകളുടെ സുരക്ഷിത യാത്ര**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബസുകൾ അപകടങ്ങളിൽപ്പെടുന്നത് കുറയ്ക്കുന്നതിനും സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (എ) | കെ.എസ്.ആർ.ടി.സി. ബസുകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനായി ACCIDENT MONITERING CELL രൂപീകരിച്ചിട്ടുണ്ട്. എല്ലാമാസവും ചീഫ് ഓഫീസ് തലത്തിൽ ഇതുസംബന്ധിച്ച യോഗം കൂടുകയും അപകട നിവാരണത്തിനായി മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിനെയും പോലീസ് ഡിപ്പാർട്ടുമെന്റിനെയും സംയോജിപ്പിച്ചുകൊണ്ടു യൂണിറ്റുതലത്തിൽ ഡ്രൈവർമാർക്ക് ബോധവത്കരണ ക്ലാസ് ഉൾപ്പെടെയുള്ള പരിശീലനക്ലാസ്സ് നടത്തിവരികയും ചെയ്യുന്നു. കൂടാതെ അപകടത്തിനുത്തരവാദികളായ ഡ്രൈവർമാർക്ക് അട്ടകുളങ്ങര സ്റ്റാഫ് ട്രെയിനിങ് സെന്ററിൽ വച്ച് കറക്റ്റീവ് ട്രെയിനിങ്ങും നൽകിവരുന്നു.<br><br>കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രക്കാർക്ക് സുരക്ഷിതയാത്ര ഉറപ്പുവരുത്തുന്നതിനായി രാത്രി സമയങ്ങളിൽ യാത്ര ചെയ്യുന്ന യാത്രക്കാരുടെ സുരക്ഷയും സൗകര്യവും മുൻനിർത്തി രാത്രി 10.00 മണി മുതൽ രാവിലെ 06.00 മണി വരെ സൂപ്പർഫാസ്റ്റ് വരെയുള്ള സർവീസുകൾ ടി ക്ലാസ്സിന്റെ സ്റ്റോപ്പ് പരിഗണിക്കാതെ ദീർഘദൂര യാത്രക്കാരെ അവർ ആവശ്യപ്പെടുന്ന സ്ഥലത്തെ ബസ് സ്റ്റോപ്പുകളിൽ നിർത്തി സുരക്ഷിതമായി ഇറക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ രാത്രി 08.00 മണി മുതൽ രാവിലെ 06.00 മണി വരെ സ്ത്രീകളുടെ സുരക്ഷയും സൗകര്യവും കണക്കിലെടുത്ത് മിന്നൽ ഒഴികെയുള്ള എല്ലാത്തരം ബസ്സുകളും സ്ത്രീകൾ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ / ബസ് സ്റ്റോപ്പുകളിൽ സുരക്ഷിതമായി നിർത്തി നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ബസ്സിൽ കയറുവാനും ഇറങ്ങുവാനും ബുദ്ധിമുട്ടുന്നവർ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവരെ ബസ്സിൽ കയറുവാനും ഇറങ്ങുവാനും സഹായിക്കുന്നതിന് കണ്ടക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ടി നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് യൂണിറ്റധികാരികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സുരക്ഷിതത്വവും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായി ബസ്സുകളുടെ എയർ ലീക്ക് പരിശോധിച്ച് ഇല്ലായെന്ന് ഉറപ്പാക്കുന്നതിനും തകരാറുള്ള ബസ്സുകളുടെ അറ്റകുറ്റപ്പണികൾ ശരിയാംവിധം അടിയന്തരമായി നിർവഹിച്ചു നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ എല്ലാ ബസ്സുകളുടെയും ഇലക്ട്രിക്കൽ സിസ്റ്റം സൂപ്പർ ചെക്കിംഗ് നടത്തി കണ്ടെത്തുന്ന തകരാറുകൾ പൂർണ്ണമായി പരിഹരിച്ചതിന് ശേഷം മാത്രം സർവ്വീസിന് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി. ഉൾപ്പെടുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് സമഗ്രമായ പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തുന്നതിന് ചീഫ് ഓഫീസ് തലത്തിൽ കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർ, മോട്ടോർ വാഹന വകുപ്പ്, ശ്രീ ചിത്ര തിരുനാൾ എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ദരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ച്, അപകടങ്ങൾ യൂണിറ്റുതല കമ്മിറ്റി അവലോകനം ചെയ്യുന്നത് ഡ്രൈവിംഗിലുള്ള അപാകത മൂലമാണോ, മെക്കാനിക്കൽ തകരാറാണോ അതോ മറ്റെന്തെങ്കിലുമാണോ അപകടത്തിന് കാരണമായത് എന്ന് പരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ